വസ്തുതകഠം മി. പാഠംജോൺസിൻെറ പ്രസ്താവനയിൽ അടങ്ങിയിട്ടുണ്ട്. ഒന്നാമത്തെ വസ്തുത അണുവൈദ്യുതി നിലയങ്ങളിലുണ്ടാകുന്ന അപകടങ്ങഠം ഗവണ്മെൻറ് പൂഴ്ത്തിവയ്ക്കുമെന്നതാണ്. ദീർഘവും ദൃഢവുമായ ജനാധിപത്യ പാരമ്പര്യമുള്ള ബ്രിട്ടനിൽ ഇതു സാദ്ധ്യമെങ്കിൽ ഇന്ത്യയെപ്പോലുള്ള ഒരു ദുർബല ജനാധിപത്യത്തിലെ സ്ഥിതി പറയേണ്ടതുണ്ടോ? തുല്യപ്രാധാന്യമുള്ള രണ്ടാമത്തെ വസ്തുത അണുവൈദ്യുതി നിലയങ്ങഠം യഥാർത്ഥത്തിൽ അണുബോംബ് നിർമ്മാണത്തിനുള്ള പ്ളൂട്ടോണിയം നിർമ്മിക്കുന്ന ഫാക്ടറികഠം ആണ് എന്നതത്രേ.

കേരളത്തിൽ ഒരു അണുവൈദ്യുതി നിലയം സ്ഥാപിക്കണമെന്നാണ് തൻെറ ആഗ്രഹം എന്ന് മുഖ്യമന്ത്രി ശ്രീ നായനാർ പ്രസ്താവിച്ചതായി ഈയിടെ പത്രങ്ങളിൽ കാണുകയുണ്ടായി. ഇതു വാസ്തവമെങ്കിൽ മുഖ്യമന്ത്രിയുടെ ഉന്നതപദവിയിലിരിക്കുന്ന ഒരാഠംക്ക് ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള അജ്ഞതയിൽ പരിതപിക്കുകയല്ലാതെ വേറെ എന്താണു നാം ചെയ്യുക?

(17 ജനുവരി, 1988)

# 52. അണു–നിരായുധീകരണത്തിന് ഒരു ആക്ഷൻ പ്ലാൻ

സമാധാനം, നിരായുധീകരണം, വികസനം എന്നിവയാണ് മനുഷ്യവർഗത്തിൻെറ അടിയന്തരാവശ്യങ്ങഠം. അമേരിക്ക, സോവിയററ് യൂനിയൻ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാഷ്ട്രങ്ങളുടെ കൈയിൽ വിപുലമായ അണു—ആയുധശേഖരങ്ങഠം ഇന്നു നിലവിലുണ്ട്. ഇന്ത്യയ്ക്ക് വേണമെങ്കിൽ ഏതാനും അണു—ആയുധങ്ങഠം നിർമ്മിക്കാൻ സാധിക്കും. ഈ കഴിവ് പാകിസ്ഥാൻ, ഇസ്രായേൽ, തെക്കെ ആഫ്രിക്ക, ബ്രസീൽ തുടങ്ങി വേറെയും പല രാഷ്ട്രങ്ങഠംക്കും ഉള്ളതായാണ് കരുതപ്പെടുന്നതു്. ലോകത്തിൻെറ ഏതു ഭാഗത്തും, ഏതു രാഷ്ട്രങ്ങഠം തമ്മിലും നടക്കുന്ന യുദ്ധങ്ങളിൽ എന്നെങ്കിലും അണു—ആയുധങ്ങഠം പ്രയോഗിക്കപ്പെട്ടുകൂടെന്നില്ല. വലിയതോതിലുള്ള അണു—ആയുധങ്ങളുടെ പ്രയോഗം ഭൂമുഖത്തുനിന്നു മനുഷ്യവർഗത്തെ മാത്രമല്ല ജീവനെത്തന്നെ തുടച്ചുമാററിക്കളയുമെന്ന് ആർക്കാണ് അറിയാത്തതു്?

അതിനാൽ ഇനി മനുഷ്യചരിത്രത്തിൽ യുദ്ധത്തിനു സ്ഥാനമില്ല. ശാശ്വതമായ സമാധാനം മനുഷ്യവർഗത്തിൻെറ വിശ്വാസപ്രമാണമായി മാറേണ്ടിയിരിക്കുന്നു.

ഇക്കഴിഞ്ഞ നാല്പതു വർഷങ്ങളിൽ പല രാഷ്ട്രങ്ങളിലും യുദ്ധം നടന്നിട്ടില്ലെന്നതു് ഒരു വസ്തുതയാണ്. പക്ഷേ, ഈ 'യുദ്ധമില്ലായ്മ'യെ 'സമാധാന'മെന്നു പേരിട്ടു വിളിച്ചുകൂടാ. അമേരിക്കയോ സോവിയററ് യൂനിയനോ ഇന്നു പരസ്പരം ആക്രമിക്കുന്നില്ലെങ്കിൽ അതിനു കാരണം ഇരു രാഷ്ട്രങ്ങളുടെയും കൈയിലുള്ളതും പരസ്പരം നശിപ്പിക്കുന്നതിനു പര്യാപ്തവുമായ അണു—ആയുധശേഖരം ആണെന്നാണു കരുതപ്പെടുന്നതു്. അന്യോന്യം ഭസ്മസാൽക്കരിക്കുന്നതിനുള്ള കഴിവ് സുനിശ്ചിതമാക്കുന്നതിനുവേണ്ടി ഈ രണ്ടു രാഷ്ട്രങ്ങളും തങ്ങളുടെ ആകെ മുതലെടുപ്പിൽ വലിയൊരു ഭാഗം പുതിയ പുതിയ അണു—ആയുധങ്ങളും അവ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കുന്നതിനുള്ള വാണങ്ങഠം, വിമാനങ്ങഠം, മുങ്ങിക്കപ്പലുകഠം മുതലായ ഉപകരണങ്ങളും വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി വൃഥാ വ്യയംചെയ്യുന്നു. അണു—ആയുധങ്ങഠം ഭൂമിയിലും കടലിലും വായുവിലും സ്ഥാപിച്ചതുപോരാഞ്ഞിട്ട് അവയെ ബാഹ്യാന്തരീക്ഷത്തിൽ

സ്ഥിരമായ ഭ്രമണപഥങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു. മനുഷ്യഹൃദയങ്ങളുടെ നന്മയെക്കുറിച്ചുള്ള സുന്ദരമായ പ്രതീക്ഷയുടെ സ്ഥാനം പരസ്പരം നശിപ്പിക്കാൻ വെമ്പുന്ന മൃഗീയതയുടെ അഹങ്കാരം കൈയടക്കിയിരിക്കുന്നു. മനുഷ്യവർഗം മുമ്പൊരിക്കലും സ്വപ്നം കണ്ടിട്ടുകൂടിയില്ലാത്ത ഈ അണു—ആയുധ സജ്ജതയെ 'സമാധാനം' എന്ന് എങ്ങനെ വിളിക്കും? അണു—ആയുധങ്ങളുടെ തണലിൽ സമാധാനമുകുളം തളിരിടുന്നു?

അതിനാൽ അണു—ആയുധങ്ങളെ എന്നെന്നേക്കുമായി മനുഷ്യവർഗം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. രോഗാണുക്കളും വിഷമയങ്ങളായ രാസവസ്തുക്കളും ഉപയോഗിച്ചുള്ള യുദ്ധത്തിനെതിരായ അന്താരാഷ്ട്രീയ നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. അണു—ആയുധങ്ങളുടെ നിർമാണം, സംഭരണം, പ്രയോഗം, പുതിയ അണു—ആയുധങ്ങളുടെ പരീക്ഷണം, അണു—ആയുധനിർമാണത്തിനുതകുന്ന ഗവേഷണം—എല്ലാം സമഗ്രമായി നിരോധിക്കുന്ന ഒരു നിയമസംഹിതയ്ക്ക് ഐക്യരാഷ്ട്രസംഘടന രൂപംകൊടുക്കണം. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും ഈ നിയമസംഹിത അംഗീകരിക്കുന്ന കരാറിൽ ഒപ്പിടുകയും ആ കരാർ ആത്മാർഥതയോടെ നടപ്പിൽവരുത്തുകയും വേണം.

അണു—ആയുധങ്ങളുടെ നിരോധനത്തോടൊപ്പം അവ വിക്ഷേപിക്കുന്നതിനുള്ള ഉപകരണങ്ങളും നിരോധിക്കപ്പെടണമെന്നു പറയേണ്ടതില്ല. ഇവയെ നിരോധിക്കുന്നതിൽനിന്ന് അടുത്ത കാൽവെപ്പ് മറ്റുതരം (സാധാരണ) ആയുധങ്ങളുടെ നിരോധത്തിലേക്കാണ്. ആയുധങ്ങൾ കുറയ്ക്കുന്നതിന്റെ യുക്തിസംഗതമായ വികാസമാണ് സൈന്യബലം കുറയ്ക്കൽ. കാലക്രമേണ രാഷ്ട്രങ്ങൾക്ക് പരസ്പരം ആക്രമിക്കാനും ആക്രമണം ചെറുക്കാനുമുള്ള പട്ടാളം ആവശ്യമില്ലെന്നും ആഭ്യന്തരസമാധാനപാലനത്തിനുള്ള പോലീസ് മാത്രം മതിയെന്നുമുള്ള നില കൈവരണം.

ആയുധനിർമാണസംഭരണങ്ങൾക്കും സൈന്യങ്ങളെ നിലനിർത്തുന്നതിനുമായി ഇന്നു ധൂർത്തടിക്കപ്പെട്ടുപോകുന്ന വമ്പിച്ച വിഭവസമ്പത്ത് മനുഷ്യജീവിതത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വികസനപ്രവർത്തനങ്ങളിലേക്കു തിരിച്ചുവിടുന്നതിനെപ്പറ്റി ചിന്തിച്ചുനോക്കുക. ഭൂമിയുടെ ഏതു ഭാഗത്തുമുള്ള ഏതു രാഷ്ട്രത്തിലും ഭക്ഷണം, വസ്ത്രം, പാർപ്പിടം, രോഗമോചനം മുതലായ മനുഷ്യരുടെ മൗലികാവകാശങ്ങൾ പര്യാപ്തമായും തൃപ്തികരമായും നിറവേറ്റുക അപ്പോൾ സാധ്യമായിത്തീരും. എല്ലാവർക്കും വിദ്യാഭ്യാസവും തൊഴിലും വിശ്രമവും വിശ്രമാവസരങ്ങളെ ആഹ്ലാദകരങ്ങളാക്കുന്നതിനുള്ള സാംസ്കാരിക സൗകര്യങ്ങളും നൽകുക അസാധ്യമായിരിക്കുകയില്ല. മനുഷ്യചരിത്രത്തിൽ ഒരു പുതിയ യുഗത്തിന്റെ പിറവിയെയായിരിക്കും ഈ പരിവർത്തനം കുറിക്കുക.

ഭാവനാജീവികളായ ഏതാനും ശുദ്ധാത്മാക്കളുടെ മുഗ്ധസ്വപ്നങ്ങളല്ല ഇതൊന്നും. ഇത്തരമൊരു യുഗപരിവർത്തനത്തിനുള്ള ഭൗതികസാഹചര്യങ്ങൾ ഇന്നു സംജാതമായിക്കഴിഞ്ഞിട്ടുണ്ട്. ഈ പരിവർത്തനത്തെ രാഷ്ട്രീയ യാഥാർഥ്യമാക്കി മാറ്റുന്നതിന് വ്യക്തമായ ഒരു പരിപാടിയും നിരന്തരപ്രചാരണത്തിലൂടെ ആ പരിപാടിക്ക് ലോകരാഷ്ട്രങ്ങളുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള സംവിധാനമാണ് ഉണ്ടാകേണ്ടത്.

1984-ൽ സോവിയറ്റ് റഷ്യയും അമേരിക്കയും തമ്മിലുള്ള ബന്ധങ്ങൾ ഏറെ വഷളായിരുന്നപ്പോൾ ഇന്ത്യ, സ്വീഡൻ, ഗ്രീസ്, ടാൻസാനിയ, ആർജൻറീന, മെക്സിക്കോ എന്നീ രാഷ്ട്രങ്ങളുടെ തലവന്മാർ ചേർന്ന് അണു—ആയുധ നിരോധത്തിന്റെ ആവശ്യകതയെ ഒരു പ്രഖ്യാപനത്തിലൂടെ ലോകശ്രദ്ധയിലേക്ക് ഉയർത്തിക്കൊണ്ടുവരികയുണ്ടായി. നാലു വൻകരകളെ പ്രതിനിധാനംചെയ്ത ഈ പ്രഖ്യാപനത്തിനു മുൻകൈയെടുത്തത് ഇന്ദിരാഗാന്ധിയും സ്വീഡനിലെ പ്രധാനമന്ത്രിയായിരുന്ന ഓലോഫ് പാൽമേയുമായിരുന്നു.

1986 നവംബർ 27–ാം തീയതി രാജീവ് ഗാന്ധിയും ഗോർബച്ചേവും ചേർന്നു പ്രസിദ്ധീകരിച്ച ദില്ലി പ്രഖ്യാപനം അണു–ആയുധ നിർമുക്തവും അക്രമരഹിതവുമായ ഒരു ലോകത്തിന്റെ നിർമാണത്തിനായി മൂർത്തങ്ങളായ പത്തു തത്വങ്ങഠം മുന്നോട്ടുവെച്ചു. 'നിലവിലുള്ള ഭീഷണിയുടെ സന്തുലന'ത്തിന്റെ സ്ഥാനത്തു് ഭദ്രമായ ഒരു അന്താരാഷ്ട്രീയസുരക്ഷിതത്വവ്യവസ്ഥ പ്രയോഗത്തിൽ വരുത്താനും അണു–ആയുധങ്ങഠം പൂർണമായി നിരോധിക്കാനും സാധാരണ ആയുധങ്ങഠം പടിപടിയായി കുറയ്ക്കാനും രാഷ്ട്രങ്ങഠംക്കിടയിൽ സമാധാനപരമായ സഹവർത്തിത്വത്തിനു് ഉറപ്പു നൽകുവാനും ലോകവ്യാപകങ്ങളായ പ്രശ്നങ്ങഠം പരിഹരിക്കുന്നതിനായി മനുഷ്യവർഗത്തിന്റെ ഭൗതികവും ബുദ്ധിപരവുമായ വിഭവങ്ങഠം പരമാവധി പ്രയോജനപ്പെടുത്താനും ആവശ്യപ്പെടുന്ന ഈ രേഖ വായിക്കുക എന്നതു് ഇന്നും ആവേശകരമായ ഒരു അനുഭവമാണു്.

ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ളിയുടെ നിരായുധീകരണം സംബന്ധിച്ച പ്രത്യേക യോഗം 1988 ജൂൺ 9–ാം തീയതി ന്യൂയോർക്കിൽ സമ്മേളിക്കുകയുണ്ടായി. ഈ യോഗത്തിൽ രാജീവ് ഗാന്ധി സമർപ്പിച്ച 'ആക്ഷൻ പ്ലാൻ' എ. ഡി. 2010 ആകുമ്പോഴേക്കു് എല്ലാ രാഷ്ട്രങ്ങളും പടിപടിയായി എല്ലാ അണു ആയുധങ്ങളും പൊളിച്ചുകളയുന്നതു സംബന്ധിച്ച വ്യക്തങ്ങളായ നിർദേശങ്ങഠം ഉഠംക്കൊള്ളുന്നുണ്ടു്. 1984–ലെ ഷെഡ്–രാഷ്ട്ര പ്രഖ്യാപനത്തിന്റെയും 1986–ലെ ദില്ലി പ്രഖ്യാപനത്തിന്റെയും തുടർച്ചയായി കരുതപ്പെടാവുന്ന ഈ ആക്ഷൻ പ്ലാൻ ഇതിനകം ലോകമെങ്ങുമുള്ള സമാധാനപ്രേമികളുടെ പ്രശംസ നേടിക്കഴിഞ്ഞിരിക്കുന്നു.

'ലോകം ഇന്നൊരു വഴിത്തിരിവിലാണു്' എന്നു് ഈ 'പ്ലാൻ' അവതരിപ്പിച്ചുകൊണ്ടു് ചെയ്ത പ്രസംഗത്തിൽ രാജീവ് ഗാന്ധി ലോകരാഷ്ട്രങ്ങളെ ഓർമിപ്പിച്ചു. 'ഒരു വഴി നമ്മെ എത്തിക്കുക മനുഷ്യവർഗത്തിന്റെ ആത്മഹത്യയിലേക്കാണു്. ശക്തിസന്തുലനം സംബന്ധിച്ച പാരമ്പര്യധാരണകളിൽ നിന്നു് ഉത്ഭവിച്ച അണു–ആയുധ–പരസ്പര–നിഷ്ക്രിയീകരണ (ന്യൂക്ലിയർ ഡിറററൻസ്) സിദ്ധാന്തത്തിന്റെ വഴി അതാകുന്നു. മറേറ വഴി നമുക്കു് പുതിയൊരവസരം നൽകും. അഹിംസ, സഹിഷ്ണുത, അനുകമ്പ എന്നീ മൂല്യങ്ങളിൽനിന്നു് ഉയിർക്കൊണ്ട സമാധാനപൂർണമായ സഹവർത്തിത്വമെന്ന സിദ്ധാന്തമാകുന്ന കൈനാട്ടി ചൂണ്ടിക്കാട്ടുന്ന മാർഗമാണതു്.'

ഇന്നു് നിലവിലുള്ള അണു–ആയുധക്കുമ്പാരത്തിലേക്കു് വിരൽ ചൂണ്ടി രാജീവ് ഗാന്ധി പറഞ്ഞു: 'അവ മുമ്പു് ഉപയോഗിക്കപ്പെട്ടിട്ടുണ്ടു്. ഭാവിയിലും അവ ഉപയോഗിക്കപ്പെട്ടേക്കാം. ഈ അണുയുഗത്തിൽ, ഒന്നും അതിജീവിക്കുന്നില്ലെന്നു്. കഥ പറയാൻ ആരും ബാക്കിയാവുന്നില്ലെന്നു്, എവിടെയാണു് പിഴച്ചതെന്നും എന്തുകൊണ്ടാണു് പിഴച്ചതെന്നും മനസ്സിലാക്കാൻ ആരും അവശേഷിക്കുന്നില്ലെന്നു്. 'സുനിശ്ചിതമായ പരസ്പര വിനാശ'ത്തിന്റെ യുക്തിചിന്ത ഉറപ്പുവരുത്തും.'

'അണു–ആയുധങ്ങളുടെ ഒരു മൂന്നാം തലമുറ' ഇപ്പോഠം വികസിപ്പിച്ചുകഴിഞ്ഞിട്ടുണ്ടെന്നു് രാജീവ് ഗാന്ധി പ്രസ്താവിച്ചു. തിരഞ്ഞെടുത്ത സൈനിക ലക്ഷ്യങ്ങളിൽ ഇവ പ്രയോഗിക്കാമെന്നാണു കരുതപ്പെടുന്നതു്. സീമിതമായ ഒരു അണു–ആയുധ യുദ്ധം സാദ്ധ്യമാണെന്ന വ്യാമോഹത്തേക്കാഠം ആപൽക്കരമായി ഒന്നുംതന്നെ ഇല്ല. ഒരിക്കൽ ഒരു അണു–ആയുധം പ്രയോഗിച്ചാൽ, അടുത്ത നിമിഷത്തിൽ ലോകവ്യാപകമായ അണു–സംഹാരം നടക്കാൻ എല്ലാ സാദ്ധ്യതയുമുണ്ടു്. ലോക സുരക്ഷിതത്വത്തിന്റെ മാർഗം രാഷ്ട്രീയമായ നിയന്ത്രണമാണു്; ആയുധപ്പന്തയമല്ല.

വ്യാപകമായ ദാരിദ്ര്യം, മലിനീകരണം, വിശപ്പു്, രോഗം, നിരക്ഷരത എന്നിവയാണു് ലോകസുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്തുന്നതു് എന്നു് രാജീവ് ഗാന്ധി എടുത്തുപറഞ്ഞു. ആധുനിക ലോകസംവിധാനത്തിന്റെ

നീതിരാഹിത്യമാണ് ഇവയ്ക്കു കാരണം. എല്ലാ ജനതകൾക്കും വികസനം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ ലോകസമാധാനം യാഥാർത്ഥ്യമാക്കാൻ കഴിയൂ. കൂടുതൽ നീതിനിഷ്ഠവും കൂടുതൽ ബഹുമാന്യവുമായ ഒരു പുതിയ ലോകക്രമമാണ് സമ്പൂർണമായ ലോകസുരക്ഷിതത്വത്തിന്റെ ആധാരം.

അണു—ആയുധ നിരോധം സംബന്ധിച്ച പ്രവർത്തനങ്ങളിൽ അണു—ആയുധങ്ങൾ കൈവശംവെച്ചുവരുന്ന എല്ലാ രാഷ്ട്രങ്ങളും പങ്കാളികളാകണമെന്നും ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളേയും ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കണമെന്നും രാജീവ്ഗാന്ധി ആവശ്യപ്പെട്ടു. ഇപ്പോൾ അണു—ആയുധങ്ങൾ കൈവശമില്ലെങ്കിലും അവ നിർമിക്കാൻ കഴിവു നേടിക്കഴിഞ്ഞിട്ടുള്ള രാഷ്ട്രങ്ങൾ അവ ഒരിക്കലും ഉണ്ടാക്കുകയില്ലെന്ന് ഉറപ്പു നൽകണം. അണു—ആയുധങ്ങൾ നിർമിക്കാൻ പരസ്യമായും രഹസ്യമായും നടക്കുന്ന ഒരു പ്രവർത്തനത്തിനും പിന്തുണ നൽകപ്പെടരുത്.

ഇപ്പോൾ നിലവിലുള്ള അണു–ആയുധ–വ്യാപന—നിരോധന കരാർ 1995–ൽ കാലഹരണപ്പെടും. അന്നേക്ക് ഒരു പുതിയ കരാർ ബലത്തിൽ വരണം. 2010—ാമാണ്ട് ആകുമ്പോഴേക്ക് ഇപ്പോൾ അണു—ആയുധങ്ങളുള്ള രാഷ്ട്രങ്ങൾ അവയെ പൂർണമായും ഉപേക്ഷിക്കണം; മറ്റു രാഷ്ട്രങ്ങൾ ഒരിക്കലും അണു—ആയുധങ്ങൾ നിർമിക്കുകയും അരുത്.

ബാഹ്യാന്തരീക്ഷം മനുഷ്യവർഗത്തിന്റെ പൊതു പൈതൃകമാണ് എന്ന് രാജീവ് ഗാന്ധി ഓർമിപ്പിച്ചു. അത് സമാധാനപരമായ ആവശ്യങ്ങൾക്കേ ഉപയോഗിക്കാവൂ. ബാഹ്യാന്തരീക്ഷത്തിൽ ഒരിക്കലും ആയുധങ്ങൾ വിന്യസിക്കപ്പെടരുത്.

'സമാധാനത്തിനും നിരായുധീകരണത്തിനും വികസനത്തിനുംവേണ്ടിയുള്ള പ്രക്ഷോഭം ഐക്യരാഷ്ട്ര സംഘടനയ്ക്ക് അകത്തും പുറത്തും ലോകജനത നടത്തണം. ശാസ്ത്രജ്ഞന്മാർ, യുദ്ധതന്ത്രചിന്തകന്മാർ, സമാധാനപ്രസ്ഥാന നേതാക്കൾ എന്നിവരുടെ സഹകരണം ഈ പ്രക്ഷോഭത്തിനു കൈവരണം.'

നിരായുധീകരണത്തിനും നീതിയുക്തമായ നവ്യലോകക്രമത്തിനും വേണ്ടിയുള്ള പ്രവർത്തനത്തിന്റെ ചരിത്രത്തിൽ വിശിഷ്ടമായ ഒരു സ്ഥാനം അർഹിക്കുന്ന രാജീവിന്റെ 'ആക്ഷൻ പ്ലാൻ' ഇന്ത്യയിൽ വ്യാപകമായ ചർച്ചയ്ക്ക് വിഷയമായില്ല എന്നതു ഖേദകരമാണ്.

സമാധാനപ്രസ്ഥാനപ്രവർത്തകരുടെ ശ്രദ്ധ ഈ രേഖയിൽ പതിഞ്ഞു കാണാൻ ആഗ്രഹിക്കുന്നു.

(27 ജൂൺ, 1988)

# 53. ബാംഗളൂർ വർക്ക്ഷോപ്പ്

അണുവൈദ്യുതിയുടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇന്ത്യയിൽ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പരിശ്രമങ്ങളുടെ ഭാഗങ്ങളായി കർണാടക സംസ്ഥാനത്തിൽ കാർവാറിനടുത്തുള്ള കൈഗയിലും തമിഴ്നാട്ടിൽ കന്യാകുമാരിക്കടുത്തുള്ള കൂടംകുളത്തും അണു—റിയാക്ടറുകളുടെ നിർമാണം ആരംഭിച്ചിട്ടുണ്ട്.

അമേരിക്കയിൽ ത്രീമൈൽ ഐലൻഡ് എന്ന സ്ഥലത്തും സോവിയറ്റ് യൂണിയനിൽ ചെർണോബിൽ എന്ന സ്ഥലത്തും അണുവൈദ്യുതീനിലയങ്ങളിലുണ്ടായ അപകടങ്ങളെത്തുടർന്ന് അണു—റിയാക്ടറുകൾ ഒരുതരം ടൈംബോംബുകളാണെന്നും ഏതു നിമിഷവും അവ പൊട്ടിത്തെറിച്ച് വ്യാപകങ്ങളായ നാശനഷ്ടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുമുള്ള ബോധം സാർവത്രിക